**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 6338 — 31.10.2011 -ൽ മറുപടിയ്ക്ക്

## വനവിഭവങ്ങളുടെ ശേഖരണവും വിപണനവും

***ചോദ്യം***

ശ്രീ. മഞ്ഞളാംകുഴി അലി
,, സി. മോയിൻകുട്ടി
,, കെ. എൻ. എ. ഖാദർ
,, വി. എം. ഉമ്മർ മാസ്റ്റർ

***ഉത്തരം***

**ശ്രീ. കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി)**

എ) വനവിഭവങ്ങളുടെ ശേഖരണം, വിപണനം എന്നിവയ്ക്ക് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനത്തിന്റെ പ്രവർത്തനം വിശദമാക്കുമോ;

എ) വന വിഭവങ്ങളെ തടി, തടിയേതരം എന്നിങ്ങനെ രണ്ടായി തരംതിരിച്ചിട്ടുണ്ട്. ഇവ ശേഖരിച്ച് വിപണനം നടത്തുന്നതിന് വ്യക്തമായ സംവിധാനം നിലവിലുണ്ട്. വനം വകുപ്പിന്റെ ഘന മരത്തോട്ടങ്ങളിൽ നിന്ന് മാനേജ്മെന്റ് പ്ലാൻ/ വർക്കിംഗ് പ്ലാൻ അനുസരിച്ച് വനം വകുപ്പ് നേരിട്ട്, ഇടവെട്ട്/അന്തിമ വെട്ട് നടത്തി തടി ശേഖരിച്ച് സർക്കാർ തടി ഡിപ്പോകൾ/ഡംബിംഗ് ഡിപ്പോകൾ വഴി പരസ്യലേലം/ദർഘാസ് മുഖേന വിപണനം നടത്തുന്നു. കൂടാതെ ഡിപ്പോകളിൽ നിന്നും വ്യക്തികൾക്ക് വീട് നിർമ്മാണത്തിനുള്ള തടി നിയമാനുസൃത രേഖകളുടെ അടിസ്ഥാനത്തിൽ ചില്ലറയായും വില്പന നടത്തുന്നുണ്ട്. വനം വകുപ്പിന്റെ മൃദുമരത്തോട്ടങ്ങളിൽ നിന്നുള്ള വെള്ളത്തടികൾ പരസ്യലേലം/ദർഘാസ് മുഖേന അടങ്കൽ ലേലം നടത്തി തുക സർക്കാരിലേക്ക് മുതൽകൂട്ടുന്നു. അക്കേഷ്യ, യൂക്കാലിപ്റ്റസ്, ഈറ്റ, മുള എന്നിവ വ്യാവസായികാവശ്യത്തിനായി ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡ്, വെസ്റ്റേൺ ഇൻഡ്യാ പ്ലൈവുഡ് ലിമിറ്റഡ് കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ എന്നിവയ്ക്ക് അവരുമായി സർക്കാർ വച്ചിട്ടുള്ള ഉടമ്പടികളുടെ അടിസ്ഥാനത്തിലും നൽകിവരുന്നു.

മറ്റ് ചെറുകിട വനവിഭവങ്ങൾ ശേഖരിക്കുന്നതിനുള്ള അവകാശം അംഗീകരിക്കപ്പെട്ട തദ്ദേശീയ ആദിവാസി സഹകരണ സംഘങ്ങൾക്ക് വർഷാവർഷം അനുവദിച്ചു നൽകുന്നുണ്ട്.

ബി) ഏതൊക്കെ വനവിഭവങ്ങളാണ് ശേഖരിച്ച് വിപണനം നടത്തുന്നതെന്ന് വിശദമാക്കുമോ;

ബി) വിവിധയിനം തടികൾ വനം വകുപ്പ് നേരിട്ട് ശേഖരിച്ച് സർക്കാർ ഡിപ്പോകൾ വഴി ദർഘാസ്/ ലേലത്തിലൂടെ വിപണനം നടത്തിവരുന്നു. തടിയിനങ്ങളിൽ പ്രധാനമായും തേക്ക്, ഈട്ടി മുതലായ ഘനമരങ്ങളും ഇലവ്, പാല തുടങ്ങിയ വെള്ള മരങ്ങളുമാണ് ശേഖരിച്ച് വിപണനം നടത്തുന്നത്

| | | | |
|---|---|---|---|
| | വനത്തിൽ നിന്നുള്ള തടി ശേഖരണം ഇപ്പോൾ സ്വകാര്യ വ്യക്തികളെയോ സ്ഥാപനങ്ങൾളെയോ ഏല്പിക്കാറുണ്ടോ; എങ്കിൽ വ്യവസ്ഥകൾ വിശദമാക്കാമോ; | സി) | വനത്തിൽ നിന്നുള്ള തടി ശേഖരിച്ച് ഡിപ്പോകളിൽ എത്തിക്കുന്നതിന് അംഗീകൃത കരാറുകാരെ പരസ്യ ടെണ്ടർ മുഖേന ചുമതലപ്പെടുത്തുന്നു. ചില സന്ദർഭങ്ങളിൽ വകുപ്പ് നേരിട്ടും തടി ശേഖരണം നടത്തിവരാറുണ്ട്. |
| ഡി) | വനവിഭവങ്ങളുടെ വിപണനത്തിലൂടെ 2009-2010, 2010-2011 വർഷങ്ങളിൽ എന്ത് തുക ലഭിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ ? | ഡി) | വന വിഭവങ്ങളുടെ വിപണനത്തിലൂടെ 2009-10, 2010-11 വർഷങ്ങളിൽ ലഭിച്ച തുക ചുവടെ ചേർക്കുന്നു. |

| വർഷം | ലഭിച്ച തുക |
|---|---|
| 2009-2010 | 262.49 കോടി രൂപ |
| 2010-2011 | 252.75 കോടി രൂപ |

സെക്ഷൻ ഓഫീസർ